# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 ISSUE - 2


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com


**കർത്താവിൽ പ്രിയരെ,**



കഴിഞ്ഞ മാസം ജാമക്കാരൻ അച്ചടിച്ചെലവിനും, പോസ്റ്റൽ ചെലവിനുമുള്ള തുക തക്കസമയത്ത് ആവശ്യമായ അളവിൽ ലഭിച്ചു. കൃത്യസമയത്ത് കൂട്ടായ്മ നൽകി ദൈവനാമം മഹത്വപ്പെടുത്തിയ നിങ്ങൾക്കേവർക്കും വന്ദനം. ദൈവത്തിനു സ്തുതി.

അന്യഭാഷയെക്കുറിച്ചുള്ള വിവരങ്ങൾക്കു തല്ക്കാലം ഒരു വിരാമമിടുന്നു. ശേഷിച്ച ഭാഗവും ഉപസംഹാരവും പുസ്തകരൂപത്തിൽ വരുമ്പോൾ നിങ്ങൾക്കു വായിക്കാം. അന്യഭാഷയെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ആ പുസ്തകത്തിൽ നിങ്ങൾക്കു ലഭിക്കും. അന്യഭാഷയെക്കുറിച്ച് ഇതുവരെ എഴുതിയവയെക്കുറിച്ച് പുകഴ്ത്തിയും ഇകഴ്ത്തിയും മറുപടി എഴുതിയ ഏവർക്കും നന്ദി.


അന്യഭാഷാ ബന്ധനത്തിൽ നിന്നു വിടുതൽ നേടിയവർക്കും ഈ വിഷയത്തിൽ ശരി മനസ്സിലാക്കാൻ കഴിഞ്ഞവർക്കുമായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പെന്തക്കോസ്തു പ്രസ്ഥാനം, മറ്റ് സഭാവിഭാഗങ്ങൾ എന്നിവയിലെ വിശ്വാസികൾ, ശുശ്രൂഷകർ ഏവരും ശുദ്ധാത്മാവിനാൽ നിറയപ്പെട്ട് തങ്ങളുടെ ജീവിതാന്ത്യംവരെ കർത്താവിന് സാക്ഷികളാകാനും നല്ല പോർ പൊരുതി കിരീടം പ്രാപിക്കാനുമായി പ്രാർത്ഥിക്കുന്നു.

## പരിശുദ്ധാത്മാവ് – പ്രതിഷ്ഠജീവിതം – അന്യഭാഷ

2016 സെപ്റ്റംബർമാസം 7–ാം തിയതി തമിഴ്നാട്ടിൽ തൂത്തുക്കുടി എന്ന സ്ഥലത്ത് റ്റി.പി.എം സഭയിലെ (സിലോൺ പെന്തകോസ്ത് മിഷൻ)പാസ്റ്റർ കനകരാജ് (72 വയസ്സ്) അവർകൾ മരിച്ചു എന്ന വാർത്ത വന്നു. ഈ വാർത്ത കേട്ട് ചെന്നൈയിൽ റ്റി.പി.എമ്മിന്റെ ചീഫ് പാസ്റ്റർ, മറ്റ് സീനിയർ പാസ്റ്റേഴ്സും, തൂത്തുക്കുടിയിലെ എല്ലാ പെന്തക്കോസ്ത്


# OCTOBER 2016

പാസ്റ്റർമാരും, സി.എസ്.ഐ പാസ്റ്റർമാരും ശവസംസ്കാരശുശ്രൂഷയ്ക്ക് കൂടി. ഞാനും അവിടെ ഉണ്ടായിരുന്നു. മരിച്ചയുടൻ ആ വിവരം കേട്ട് വന്ന അയൽപക്ക കുടുംബങ്ങൾ പാസ്റ്ററുടെ മൃതദേഹം കാണാൻ വന്നു. വന്നു നോക്കിയ വ്യക്തികളിൽ ഒരു സഹോദരി മെഡിക്കൽ ഡോക്ടർ അത്രേ. ആ ഡോക്ടർ തന്റെ ഭർത്താവിനോട് ''ഇത് സാധാരണ മരണമല്ല, പാസ്റ്റർ കൊല്ലപെട്ടിരിക്കും എന്ന് സംശയിക്കുന്നു. കഴുത്തിൽ നഖം കൊണ്ടുള്ള മുറിവുകളും, രക്തക്കറകളും കാണപ്പെടുന്നു'' എന്നു അറിയിച്ചു. അദ്ദേഹം ഉടനെ പോലീസ് സ്റ്റേഷനിലേക്ക് വിവരം അറിയിച്ചതായി വാർത്തകൾ വന്നു. ഇതിന് മറ്റൊരു കാരണം രാത്രി 1.30ന് പാസ്റ്ററുടെ മുറിയിൽ നിന്ന് നിലവിളിയുടെ ശബ്ദം കേട്ടതായി വാർത്തകൾ വന്നു. ശവസംസ്കാരത്തിന് പുറപ്പെടുമ്പോൾ പോലീസ് ഇടപെട്ട് ശവപ്പെട്ടിയോടുകൂടി പോസ്റ്റുമാർട്ടത്തിന് കൊണ്ടുപോയി. പോസ്റ്റുമാർട്ടത്തിന്റെ റിപ്പോർട്ട് വരുന്നതുവരെ അവിടെയുള്ള മുഴുവൻസമയ ശുശ്രൂഷകർ ആ കാമ്പസ് വിട്ടു പുറത്തുപോകരുതെന്ന് പോലീസ് അറിയിച്ചിരിക്കുന്നു. പാസ്റ്ററുടെ ശരീരത്തിലെ ആന്തരിക അവയവങ്ങൾ ലാബിലെ പരിശോധനയ്ക്കായി അയച്ചിരിക്കുന്നു. ഇക്കാര്യം പലവിധ ഊഹങ്ങൾക്ക് ഇടവരുത്തുന്നു. രാത്രി സഭാഹാളിൽ പാസ്റ്ററും, അസി.പാസ്റ്റേഴ്സിൽ ചിലരും വിവാഹിതരാകാതെ മുഴുവൻ സമയം ശുശ്രൂഷയ്ക്കു സമർപ്പിക്കപ്പെട്ട സഹോദരിമാരും മാത്രമാണ് അവിടെ ഉണ്ടായിരുന്നത്.



ഈ സഭയിൽ ഇതുപോലെയുള്ള ക്രൂരമായ സംഭവങ്ങൾ പലതവണ നടന്നിട്ടുണ്ടെന്ന് പറയപ്പെടുന്നു. ചില വർഷങ്ങൾക്കുമുമ്പ് ഈ സഭയിലെ സീനിയർ പാസ്റ്റർ അവിടെ അടിച്ചുവാരാൻ വന്ന സഹോദരിയ്ക്ക് ഗർഭം നല്കി. ആ പ്രശ്നം അവസാനിപ്പിക്കാൻ ലക്ഷങ്ങൾ ആ കുട്ടിയുടെ മാതാപിതാക്കൾക്ക് നല്കി. പക്ഷേ ബാധിക്കപ്പെട്ട ആ കുട്ടിയുടെ മാതാപിതാക്കൾ ആ സഭയുടെ വിശ്വാസികളാണെങ്കിലും വിവരങ്ങൾ പത്രങ്ങൾക്കു നല്കി. തമിഴ്നാട്ടിൽ പ്രചാരമുള്ള വാരികയുടെ കവർ പേജിൽ പാസ്റ്ററുടെ ഫോട്ടോ സഹിതം വാർത്ത നല്കി ഞെട്ടലുണ്ടാക്കി. ഇക്കാര്യം ജാമക്കാരനിലും എഴുതിയിരുന്നു. ബാധിക്കപ്പെട്ട ആ കുട്ടിയെയും കുടുംബാംഗങ്ങളെയും നേരിൽക്കണ്ട് വിവരങ്ങൾ ശേഖരിച്ച ശേഷമാണ് ജാമക്കാരനിൽ പ്രസിദ്ധീകരിച്ചത്. നാലായിരത്തിലധികം പേർ കൂടുന്ന ആ സഭയ്ക്ക് ചീത്തപ്പേര് വരാതിരിക്കാൻ ആ കുട്ടിയുടെ മാതാപിതാക്കൾ പോലീസിന് നല്കിയ പരാതി തിരികെ വാങ്ങി.

2014–ാം മാണ്ട് കേരളത്തിലെ പത്തനംതിട്ടയിൽ റ്റി.പി.എം സഭാപാസ്റ്റർ കൊല്ലപ്പെട്ടു. സഭയിലെ സമ്പന്നപ്രമാണി, അവിടുത്തെ മുഴുവൻ സമയ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന അവിവാഹിതരായിരുന്ന സിസ്റ്റേഴ്സിനോട് അടുപ്പത്തിലായി. ഒരിക്കൽ ഈ കാഴ്ച അവിടുത്തെ പാസ്റ്റർ നേരിൽക്കണ്ടു. അതുകൊണ്ടാണ് ആ പാസ്റ്ററെ കൊന്നത് എന്നു പറയപ്പെടുന്നു. ശവശരീരം പോലീസ് കൈപ്പറ്റി പോസ്റ്റുമാർട്ടം നടത്തി. റിപ്പോർട്ട് നല്കിയ സീനിയർ ഗവ:സർജനെ രണ്ടുവട്ടം കൊല്ലാൻ ശ്രമിച്ചു. ഡോക്ടർ സ്ഥലമാറ്റം വാങ്ങി ജീവൻ രക്ഷിച്ചു. ആ കേസ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

തൂത്തുക്കുടി സംഭവത്തിൽ പാസ്റ്ററുടെ ശവശരീരം ആശുപത്രിയിൽ നിന്നു കൊണ്ടുവന്നപ്പോൾ പോലീസിനെക്കണ്ട് പേടിച്ച് വന്നവരിൽ ഭൂരിഭാഗവും പോയി. ചുരുക്കം ചിലർ മാത്രമേ ശുശ്രൂഷയ്ക്കു ഉണ്ടായിരുന്നുള്ളൂ. 17–ാംമത്തെ വയസ്സിൽ ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നു രക്ഷിക്കപ്പെട്ട്, റ്റി.പി.എം സഭയിൽ ചേർന്നു. ക്രമേണ ഉയർന്നു സീനിയർ പാസ്റ്ററായ ആ നല്ല ശുശ്രൂഷകന്റെ അന്ത്യം ദുഃഖകരവുമായി.

**ജാമക്കാരന്റെ കുറിപ്പ് :** ഈ വാർത്തകൾ വഴിയായി പെന്തക്കോസ്തു പ്രസ്ഥാനത്തിലെ പാസ്റ്റേഴ്സിനോടും വിശ്വാസികളോടും പറയാൻ ആഗ്രഹിക്കുന്നത് വിവാഹിതരാകാതെ – പ്രതിഷ്ഠാജീവിതം – അത് മേന്മയായത് എന്നൊരു തെറ്റായ പഠിപ്പിക്കൽ (വചനവിരുദ്ധമായ) റ്റി.പി.എം സഭയിൽ ഉണ്ട്. ഈ പഠിപ്പിക്കൽ മർത്തോമാ, യാക്കോബായ, കത്തോലിക്കാ എന്നീ വിഭാഗങ്ങളിലുമുണ്ട്. അവിടെയെല്ലാം ലൈംഗിക ക്രമക്കേടുകളും, കേസുകളും, വഴക്കുകളും ഉണ്ടാകുന്നു. ദൈവനാമം ദുഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

സഭാശുശ്രൂഷയെക്കുറിച്ച് പരിശുദ്ധാത്മാവ് പറയുന്നത്: "ഏകഭാര്യയുള്ളവനായി, സ്വന്തം കുടുംബത്തെ നന്നായി നടത്തുന്നവനായിരിക്കണം. സഭാചുമതലകൾ നിറവേറ്റണ്ടത്" എന്ന് 1 തിമൊ 3–ാം അദ്ധ്യായം കല്പിക്കുന്നു. അതിനാൽ ഇതുവരെ പരിശുദ്ധാത്മാവിനെ പ്രാപിക്കാത്തവർ ഈ നല്ല കാര്യസ്ഥനെ പ്രാപിച്ച് ഈ സത്യത്തിൽ സഭാശുശ്രൂഷ ചെയ്യാൻ കൃപനല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പെന്തകോസ്തു പ്രസ്ഥാനത്തോട് എനിയ്ക്കു പറയാനുള്ളത് പരിശുദ്ധാത്മാവ് ഉള്ളിൽ വരുമ്പോൾ സത്യത്തിൽ വഴിനടത്തും. പക്ഷേ അവിവാഹിതജീവിതം – പ്രതിഷ്ഠാജീവിതം – അന്യഭാഷ എന്നീ അസത്യവഴികളിലൂടെ സഞ്ചരിക്കുന്നതു കൊണ്ടല്ലേ അപഥസഞ്ചാരം നടത്തേണ്ടിവരുന്നത്. എഫെ 4:30 അനുസരിച്ച് പരിശുദ്ധാത്മാവിനെ ഇങ്ങനെയുള്ള അസത്യവഴികളാൽ ദുഃഖിപ്പിക്കരുതേ!

കുറേ ലക്കങ്ങളായി അന്യഭാഷയെക്കുറിച്ച് എഴുതിയപ്പോൾ ചൂണ്ടിക്കാണിച്ചതുപോലെ വികാരാവേശ പ്രകടനങ്ങളല്ല; സുബോധത്തോടും, വിവേകത്തോടും കൂടി ആത്മാവിൽ എരിവോടെ കർത്താവിനെ സേവിക്കാനും, പരിശുദ്ധാത്മാനിറവിൽ സഭയിൽ എല്ലാ കൃപാവരങ്ങളിൽ ജ്വലിക്കാനും, ലോകത്തിന് ഫലങ്ങളാൽ നിറഞ്ഞ ജീവിതം കാഴ്ചവയ്ക്കുവാനും കർത്താവ് കൃപനല്കട്ടെ!

"എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്തമനഃസാക്ഷിയിൽ ചൂടുവെച്ചവരായി **വിവാഹം വിലക്കുകയും** സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്ന് കല്പിക്കുകയും ചെയ്യും" 1 തിമൊ 4:1–3.

**കർത്തൃശുശ്രൂഷയിൽ**

**ഡോ.പുഷ്പരാജ്**

# ബൈബിൾ അനുദിന ജീവിതത്തിൽ

## (Selected)

### 1. ആമുഖം

ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ഈ അടിസ്ഥാന ആവശ്യങ്ങൾ ഉണ്ടായിരുന്നാലേ, മറ്റ് പ്രവർത്തനങ്ങൾ നന്നായി നടത്താനും, ജീവിതം വളരാനും സാധിക്കുകയുള്ളൂ. അതുപോലെ ആത്മീയ ജീവിതത്തിന്റെ സുഗമമായ യാത്രയ്ക്കും, വളർച്ചയ്ക്കും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. ആത്മീയ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായ പ്രാർത്ഥനാധ്യാനം, ആരാധന, കുടുംബ, സഭാ, സമൂഹ കൂട്ടായ്മകൾ സാക്ഷ്യം, ശുശ്രൂഷ എന്നിവയ്ക്കെല്ലാം അടിസ്ഥാനമായി പ്രവർത്തിക്കുന്നത് ബൈബിളത്രേ. ബൈബിൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന വഴികളെ ചില പ്രതീകങ്ങളിലൂടെ ഈ ലേഖനത്തിൽ കാണാം.

### 2. നിത്യജീവിതത്തിൽ ബൈബിൾ - പ്രതീകങ്ങളിലൂടെ

#### (1) ദീപവും പ്രകാശവും

സങ്കീർത്തനക്കാരൻ പറയുകയാണ് “നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു:” സങ്കീ 119:130. ഒരു ദൈവപൈതലിനു കല്പന ദീപവും ഉപദേശം വെളിച്ചവുമാണ്. എന്നാൽ പ്രാകൃതമനുഷ്യന്റെ ഹൃദയവും മനസ്സും അന്ധകാരപൂർണ്ണമാണ്. തിരുവെഴുത്തുകൾ ഖണ്ഡിതമായി വെളിപ്പെടുത്തുന്ന വിഷയമാണിത്. പ്രാകൃത മനുഷ്യനെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് ദൈവം തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുന്നു. “വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു” കൊലൊ 1:12,13. അന്ധകാരത്തിന്റെ ലോകാധിപതികളുടെ നിയന്ത്രണത്തിലാണ് രക്ഷിക്കപ്പെടാത്ത ഓരോ വ്യക്തിയും. “നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ:” എഫെ 6:12. അവരുടെ പ്രവൃത്തികൾ ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളത്രേ: എഫെ 5:11. അന്ധകാരം അവരുടെ കണ്ണു കുരുടാക്കിയിരിക്കുക കൊണ്ട് തങ്ങൾ എവിടേക്കു പോകുന്നു എന്ന് അവർ അറിയുന്നില്ല. “സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നില്ല:” 1 യോഹ 2:11. അവരുടെ പോക്ക് അന്ധകാരത്തിന്റെ രാജ്യത്തിലേക്കാണ്. വെളി 16:10.

പ്രകാശവും, ജീവനും, ക്രമവും വ്യവസ്ഥാപനം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന ഭൂമിയുടെ അവസ്ഥയത്രേ മാനസാന്തപ്പെടാത്ത ഹൃദയത്തിന്റേത്. അവ്യവസ്ഥിതവും അവ്യാകൃതവും അന്ധകാരമയവുമാണ് ആ ഹൃദയം. "ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത് ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു:" 2 കൊരി 4:6. പ്രാപഞ്ചിക പ്രകാശത്തിനു പുറത്താക്കാൻ കഴിയാത്ത ആത്മാവിന്റെ അന്ധകാരത്തെ ഉന്മൂലനം ചെയ്വാൻ ദൈവം നൽകിയ പ്രകാശമാണ് തന്റെ വചനം. കിഴക്കുദിച്ച നക്ഷത്രം വിദ്വാന്മാരെ നയിച്ചതുപോലെ പാപികളെ ക്രിസ്തുവിലേക്കു നയിക്കുന്ന പ്രകാശമാണ് തിരുവെഴുത്തുകൾ. ഏഴു കവരമുള്ള നിലവിളക്ക് സമാഗമനകൂടാരത്തിലെ വിശുദ്ധസ്ഥലത്തെ പ്രകാശിപ്പിച്ചതുപോലെ മനുഷ്യന്റെ ദേഹിയെ അഥവാ പ്രാണനെ പ്രകാശിപ്പിക്കുന്ന വിളക്കാണ് ദൈവവചനം. മരുഭൂമിയിൽ അഗ്നിസ്തംഭം യിസ്രായേൽമക്കളുടെ പാതയെ പ്രകാശിപ്പിച്ചതുപോലെ പുതിയനിയനിയമ സഭാവിശ്വാസിയുടെ മരുഭൂമിയാത്രയിൽ പാതയ്ക്കു പ്രകാശമായിരിക്കയാണത്. "പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടും നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു:" 2 പത്രൊ 1:19.

**(2) കണ്ണാടി**

ദൈവവചനം കണ്ണാടി (mirror) ക്കു സദൃശ്യമാണ്. അതു നമ്മുടെ സ്വന്തം രൂപത്തെ നമുക്കു കാട്ടിത്തരുന്നു. ഞാൻ എന്തായിരിക്കുമെന്നു ചിന്തിക്കുന്നുവോ ആ രൂപത്തെയല്ല മറിച്ച്, ഞാൻ എന്താണോ അതിനെ കാട്ടിത്തരികയാണ് കണ്ണാടി. ദൈവവചനം എന്ന കണ്ണാടിയിലൂടെ നാം നമ്മുടെ സ്വരൂപത്തെ മനസ്സിലാക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു (റോമ 3:12) എന്ന സത്യത്തെ തിരുവെഴുത്തുകാർ സ്പഷ്ടമാക്കുന്നു. തന്മൂലം പ്രാകൃതമനുഷ്യൻ അതു നോക്കുവാൻ ഇഷ്ടപ്പെടുന്നില്ല; പിന്മാറ്റക്കാരൻ വചനത്തെ അഭിമുഖീകരിക്കാൻ ധൈര്യപ്പെടുന്നില്ല. തിരുവെഴുത്താകുന്ന ദർപ്പണത്തിലൂടെ നോക്കുന്ന പാപിയും വിശ്വാസിയും ഏകസ്വരത്തിൽ വിളിച്ചുപറയും: "അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു:" റോമ 7:24. "എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." 2 കൊരി 3:18. "ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്നരൂപം ആയിരുന്നു എന്നു ഉടനെ മറന്നുപോകുന്നു." യാക്കോ 1:23–24.

മനുഷ്യനെക്കുറിച്ച് തിരുവെഴുത്തുകൾ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുകയാണ്. "ആകയാൽ എന്തു? നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല; യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൽ കീഴാകുന്നു എന്നു നാം മുമ്പേ തെളിയിച്ചുവല്ലോ:" റോമ 3:9. "ഒരു

വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു:" റോമ 3:23. "അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദികാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി:" റോമ 1:21–22. ചൈനയിൽ ഒരു മിഷണറി റോമാലേഖനം ഒന്നാം അദ്ധ്യായം ഒരു വലിയ പുരുഷാരത്തെ വായിച്ചു കേൾപ്പിച്ചു; അതു പൂർത്തിയായപ്പോൾ വിദേശപ്പിശാചു foreign devil എന്നാണ്) ഞങ്ങളുടെ നാട്ടിൽ വന്ന് ഞങ്ങളുടെ രഹസ്യപാപങ്ങളെ ഒരു പുസ്തകത്തിൽ എഴുതിവെച്ചു പരസ്യമായി വായിക്കുക ഒട്ടും ശരിയല്ല." എന്തൊരത്ഭുതം! കണ്ണാടിയിലെന്നപോലെ ഓരോ മനുഷ്യനും തന്റെ സ്വരൂപം വചനത്തിൽ കണ്ടെത്തുകയാണ്.

**(3) തൊട്ടി**

ഒരുവന്റെ സ്വയം എന്താണെന്നു വെളിപ്പെടുത്തുന്ന **അതേ തിരുവെഴുത്തുകൾ തന്നെ** അവന്റെ പാപം കഴുകിക്കളയാനുള്ള മാർഗ്ഗവും വെളിപ്പെടുത്തുന്നു. **വചനം എന്ന ജലസ്നാനത്താലാണ് ഒരു വ്യക്തി കഴുകപ്പെട്ടു ശുദ്ധീകരണം പ്രാപിക്കുന്നത്.** എഫെ 5:26. ക്രിസ്തു ശിഷ്യന്മാരോടായി പറഞ്ഞു. ''ഞാൻ നിങ്ങളോടും സംസാരിച്ച **വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു."** യോഹ 15:3.

സമാഗമനകൂടാരത്തിനും ആരാധകനും മദ്ധ്യേയായിരുന്നു തൊട്ടി. ദൈവസന്നിധിയോടടുക്കുവാൻ ആരാധകനെ അയോഗ്യനാക്കിത്തീർക്കുന്ന **അഴുക്കും മാലിന്യവും കഴുകിക്കളയുവാനുള്ള മാർഗ്ഗവും മാദ്ധ്യമവുമാണ് ഈ തൊട്ടി.** "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു." സങ്കീ 119:1. "അതിനു യേശു: ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല." യോഹ 3:5

**(4) ഭക്ഷണം**

"ഞാൻ അവന്റെ അധരങ്ങളുടെ കല്പന വിട്ടു പിന്മാറീട്ടില്ല; അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു" ഇയ്യോ 23:12. ദൈവവചനത്തെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു എന്നാണ് ഇയ്യോബിന്റെ സാക്ഷ്യം. ''ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു.' ലൂക്കൊ 15:17. വചനത്തിന്റെ വിശപ്പുകൊണ്ട് പുരുഷാരങ്ങൾ നശിക്കുകയാണ്. അവർക്കാവശ്യമായ വചനം നൽകേണ്ടത് വിശ്വാസികളുടെ കടമയത്രേ. ഓരോ പ്രായത്തിലുള്ളവർക്കും നൽകേണ്ട ഭക്ഷണം വ്യത്യസ്തരീതിയിലുള്ളതാണ്.

**a) പാൽ** : ശിശുക്കൾക്കു നൽകേണ്ടത് പാലാണ്. കട്ടിയായ ഭക്ഷണം അവരുടെ പചനേന്ദ്രിയ വ്യവസ്ഥയ്ക്കനുകൂലമല്ല. ദൈവാത്മാവ് ഈ സത്യം അപ്പൊസ്തലനിലൂടെ വെളിപ്പെടുത്തുകയും പ്രായോഗികമാക്കുകയും ചെയ്യുന്നു. ''എന്നാൽ സഹോദരന്മാരേ, **നിങ്ങളോടു എനിക്കു ആത്മികന്മാരോടു എന്നപോലെ അല്ല, ജഡികന്മാരോടു എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ** അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളൂ. ഭക്ഷണമല്ല, പാൽ

അത്രേ ഞാൻ നിങ്ങൾക്കു തന്നതു; ഭക്ഷിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു; ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡികന്മാരല്ലോ." 1 കൊരി 3:12. **"കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു** ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെതന്നേ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ.

കട്ടിയാലുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ.'' എബ്രാ 5:12-145. കുഞ്ഞുങ്ങൾക്കനുയോജ്യമായ എത്രയോ ഭാഗങ്ങളാണ് തിരുവെഴുത്തിലുള്ളത്. ബാല്യം മുതൽ തന്നെ തിരുവെഴുത്തുകളെ പഠിച്ചു നിശ്ചയം പ്രാപിച്ച് അതിൽ നിലനില്ക്കേണ്ടത് വിശ്വാസിക്കാവശ്യമാണ്. കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കേണ്ട ചുമതല രക്ഷകർത്താക്കൾക്കും സഭയ്ക്കും ആണ്. '

'നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തികൾക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു:" 2 തിമൊ 3:14-17.

ശിശുക്കൾക്കു വളർച്ചയ്ക്കാവശ്യമായ എല്ലാ പോഷകങ്ങളും പാലിലുണ്ട്. രക്ഷയ്ക്കായി വളരുന്നതിന് വചനമെന്ന മായമില്ലാത്ത പാൽ വേണ്ടുവോളം കുടിക്കേണ്ടതാണ്. "ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കികളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ." 1 പത്രൊ 2:1-12. അപ്പോസ്ഥലനായ യോഹന്നാൻ കുഞ്ഞുങ്ങളെ അഭിസംബോധന ചെയ്തെഴുതുകയാണ്. ''കുഞ്ഞുങ്ങളേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു." 1 യോഹ 2:13.

**b) കട്ടിയായുള്ള ആഹാരം** : പ്രായം തികഞ്ഞവർക്ക് കട്ടിയായുള്ള ആഹാരം ആവശ്യമാണ്. ആത്മീയ വളർച്ച പ്രാപിച്ചവർക്കാവശ്യമായ കട്ടിയായ ഭക്ഷണം ബൈബിളിലുണ്ട്. "അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കുകയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ടു നിന്നെ പോഷിപ്പിക്കുകയും ചെയ്തു." ആവർ 8:3. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു'' എന്നു എഴുതിയിരിക്കുന്നു. മത്താ 4:4. എന്നു പരീക്ഷകനായ പിശാചു കർത്താവായ യേശുക്രിസ്തു നൽകിയ മറുപടി ശ്രദ്ധിക്കുക. വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിയുടെ മുഖ്യമായ ഭക്ഷണം ദൈവവചനമാണ്. തന്മൂലം ആത്മീയവളർച്ചയ്ക്ക്

ദൈവവചനത്തിന്റെ നിരന്തരമായ അഭ്യാസം അനുപേക്ഷണീയമത്രേ. ഈ ഭക്ഷണം അപ്പം, വീഞ്ഞ്, പാൽ എന്നിവയെപ്പോലെ ദ്രവ്യവും വിലയും കൂടാതെ വാങ്ങി അനുഭവിപ്പിനാണ് ദൈവം ആഹ്വാനം ചെയ്യുന്നത്. "അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ, വെള്ളത്തിനു വരുവിൻ; വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തിവരാത്തതിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിനു? എന്റെ വാക്കു ശ്രദ്ധിച്ചുകേട്ടു നന്മ അനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ." യെശ 55:12.

**(c) തേൻ :** "തിരുവചനം എന്റെ അണ്ണാക്കിനു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു" സങ്കീ 119:103. സമ്പുഷ്ടമായ ഭക്ഷണമാണ് തേൻ. അപ്പവും പാലും മാത്രമല്ല, തേനും ദൈവം ഒരുക്കുന്ന മേശയിലെ വിഭവങ്ങളുൾപ്പെടുന്നു. ഒരു വിശ്വാസിക്കു വേണ്ടുവോളം മാധുര്യം നുകരനാനാവശ്യമായതെല്ലാം തിരുവെഴുത്തുകളിലുണ്ട്. "തേൻ ആസ്വദിക്കകൊണ്ടു യോനാഥാന്റെ കണ്ണു തെളിഞ്ഞു." 1 ശമു 14:29. **ദൈവവചനമാകുന്ന തേൻ ആസ്വദിക്കുന്നവർക്കു മാത്രമേ കണ്ണു തെളിഞ്ഞു സുബോധം വരികയുള്ളൂ.** കണ്ണു തുറക്കുന്നവർക്കു മാത്രമേ തിരുവെഴുത്തുകളിലെ അത്ഭുതങ്ങളെ കാണാനാകൂ. അതാണ് സങ്കീർത്തനക്കാരൻ അപേക്ഷിക്കുന്നത്. നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ. സങ്കി 119:18.

പ്രതീകാത്മകമായി വചനം ഭക്ഷിച്ച പ്രവാചകന്മാരുണ്ട്. യഹോവ യിരെമ്യാപ്രവാചകന്റെ വായെ തൊട്ടു, വചനങ്ങളെ വായിൽ നൽകി. യിരെ 1:9. മൂന്നു പ്രവാചകന്മാർ വചനം ഭക്ഷിച്ചതായി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു എന്നു യിരെമ്യാപ്രവാചകൻ 15:16 പറയുന്നു. ചുരുൾ തിന്നിട്ടു ചെന്നു യിസ്രായേൽ ഗൃഹത്തോടു സംസാരിക്കാനാണ് യഹോവ യെഹസ്ക്കേൽ പ്രവാചകനോടു 3:1 കല്പിച്ചത്. അവൻ എന്നോടു: മനുഷ്യപുത്രാ, നീ കാണുന്നതു തിന്നുക; ഈ ചുരുകൾ തിന്നിട്ടു ചെന്ന് യിസ്രായേൽ ഗൃഹത്തോടു സംസാരിക്ക എന്നു കല്പിച്ചു. ഞാൻ വായ് തുറന്നു, അവൻ ആ ചുരുൾ എനിക്കു തിന്മാൻ തന്നു എന്നോടു: മനുഷ്യപുത്രാ, ഞാൻ നിനക്കു തരുന്ന ആ ചുരുൾ നീ വയറ്റിൽ ആക്കി ഉദരം നിറെക്ക എന്നു കല്പിച്ചു; അങ്ങനെ ഞാൻ അതു തിന്നു; അത് വായിൽ തേൻ പോലെ മധുരമായിരുന്നു. യെഹെ 3:1–3. സ്വർഗ്ഗത്തിൽ നിന്നു കേട്ട ശബ്ദം അനുസരിച്ചു യോഹന്നാൻ അപ്പൊസ്തലൻ ദൂതന്റെ കയ്യിൽ നിന്നു ചെറുപുസ്തകം വാങ്ങി തിന്നു. ഞാൻ ദൂതന്റെ അടുക്കൽ ചെന്നു ആ ചെറുപുസ്തകം തരുവാൻ പറഞ്ഞു. അവൻ എന്നോടു: നീ ഇതു വാങ്ങി തിന്നുക; അതു നിന്റെ വയറ്റിനെ കൈപ്പിക്കും എങ്കിലും വായിൽ തേൻ പോലെ മധുരമായിരുന്നു; തിന്നുകഴിഞ്ഞപ്പോൾ എന്റെ വയറു കൈച്ചുപോയി. വെളി 10:9–10.

**(5) തങ്കം**

ദൈവവചനം പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തവയാണ്. സങ്കീ 19:10. ലോകം വലുതായും ശ്രേഷ്ഠമായും കരുതുന്ന പലതും ഉപേക്ഷിക്കാൻ ഉപദേശിക്കപ്പെട്ടവരാണ് ദൈവമക്കൾ. ലോകത്തിന്റെ ധനവും സമ്പത്തും അവർക്കു ചപ്പും കുപ്പയുമത്രേ. നിന്റെ പൊന്നു പൊടിയിലും ഓഫീർതങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക. അപ്പോൾ സർവ്വശക്തൻ നിന്റെ

പൊന്നും നിനക്കു വെള്ളിവാളവും ആയിരിക്കും. അന്നു നീ സർവ്വശക്തനിൽ പ്രമോദിക്കും. ദൈവത്തിങ്കലേക്കു നിന്റെ മുഖം ഉയർത്തും. നീ അവനോടു പ്രാർത്ഥിക്കും; അവൻ നിന്റെ പ്രാർത്ഥന കേൾക്കും. ഇയ്യോ 22:24–27. നിത്യവും അക്ഷയവുമായ സമ്പത്താണ് ദൈവം തന്റെ വചനത്തിൽ നമുക്കു നൽകിയിരിക്കുന്നത്. ഭൂമിയിലെ സമ്പത്തൊന്നും അതിനു നികരല്ല. അതിനാലാണ് സങ്കീർത്തനക്കാരൻ പ്രസ്താവിക്കുന്നത്. ആയിരം ആയിരം പൊൻവെള്ളി നാണ്യത്തേക്കാൾ നിന്റെ വായിൽ നിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം. സങ്കീർ 119:2.

സ്മുർന്നയിലെ സഭയോടു കർത്താവു പറയുകയാണ് “ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും – നീ ധനവാനാകുന്നുതാനും – അറിയുന്നു.” വെളി 2:9. ഭൗമികമായ കഷ്ടതയും ദാരിദ്ര്യവും അനുഭവിക്കുന്ന അഗതികൾക്കും ദൈവവചനം എന്ന അമൂല്യമായ സമ്പത്തുണ്ട്. അതിനാൽ ദൈവമക്കൾ എല്ലായ്പ്പോഴും സമ്പന്നരാണ്. ക്രിസ്തുയേശുവിലൂടെ ദൈവം കൃപയാൽ വിശ്വാസിക്കു നൽകിയിരിക്കുന്ന ധനങ്ങളെക്കുറിച്ചു പൗലൊസപ്പോസ്തലൻ എഫെസ്യ ലേഖനത്തിൽ പരാമർശിക്കുകയാണ്. ദൈവത്തിന്റെ കൃപാധനം 1:8, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം എഫെ 1:18, 3:16. കൃപയുടെ അത്യന്തധനം 2:6, ക്രിസ്തുവിന്റെ അപ്രമേയധനം 3:8 എന്നിവ. ദൈവം നമുക്കു നൽകുന്ന മറ്റു ധനങ്ങളാണ് ദൈവത്തിന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം റോമർ 2:4, തേജസ്സിന്റെ ധനം റോമ 9:23, ധാരാളം ഔദാര്യം 2 കൊരി 8:2, മഹിമാധനം കൊലൊ 1:27, വിവേകപൂർണ്ണതയുടെ സമ്പത്ത് കൊലൊ 2:2, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ നിന്നുള്ള നിശ്ചയമുള്ള ധനം 1 തിമൊ 6:17, ക്രിസ്തുവിന്റെ നിന്ദ എന്ന ധനം എബ്രാ 11:26 എന്നിവ എത്ര മഹത്തായ സമ്പത്തുക്കളാണ് ദൈവം തന്റെ വചനത്തിൽ നമുക്കുവേണ്ടി ഉള്ളടക്കിയിരിക്കുന്നത്. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും. ഫിലി 4:19.

**6) തീ**

ദൈവവചനം അഗ്നിയാണ്. അതു ഉള്ളിൽ കത്തുകയും മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ പ്രേരണ നൽകുകയും ചെയ്യും. അഗ്നിയുടെ ദാഹകസ്വഭാവം വചനത്തിനുമുണ്ട്. “എന്റെ ഉള്ളിൽ ഹൃദയത്തിനു ചൂടുപിടിച്ചു. എന്റെ ധ്യാനത്തിങ്കൽ തീ കത്തി; അപ്പോൾ ഞാൻ നാവെടുത്തു സംസാരിച്ചു. സങ്കീ 39:3. ഉള്ളിൽ ചൂടുപിടിച്ചു തീ കത്തുമ്പോൾ നാവെടുത്തു ദൈവവചനം പ്രഘോഷിക്കും. പിന്നീടൊരിക്കലും അടങ്ങിയിരിപ്പാൻ കഴിയുന്നതല്ല. യിരെമ്യാവിന്റെ അനുഭവം നോക്കുക. ഞാൻ ഇനി അവനെ ഓർക്കുകയില്ല, അവന്റെ നാമത്തിൽ സംസാരിക്കുകയുമില്ല എന്നു പറഞ്ഞാലോ അതു എന്റെ അസ്ഥികളിൽ അടെക്കപ്പെട്ടിട്ടു എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു. ഞാൻ സഹിച്ചുതളർന്നു എനിക്കു വഹിയാതെയായി. യിരെ 20:9. പ്രവാചകന്മാരെക്കുറിച്ചുള്ള അരുളപ്പാടു: എന്റെ ഹൃദയം എന്റെ ഉള്ളിൽ നുറുങ്ങിയിരിക്കുന്നു; എന്റെ അസ്ഥികൾ ഒക്കെയും ഇളകുന്നു; യഹോവ നിമിത്തവും അവന്റെ വിശുദ്ധവചനങ്ങൾ നിമിത്തവും ഞാൻ, മത്തനായിരിക്കുന്നവനെപ്പോലെയും വീഞ്ഞുകുടിച്ചു ലഹരിപിടിച്ചവനെപ്പോലെയും ആയിരിക്കുന്നു: യിരെ 23:9. ഉള്ളിൽ കത്തുന്ന തീയോടും, അധരങ്ങളിൽ അഗ്നിസ്പർശത്തോടും യെശ 6:7 കൂടി മാത്രമേ ഫലപ്രദമായി ദൗത്യനിർവ്വഹണം ചെയ്യാനാവൂ.

**7) ചുറ്റിക**

എന്റെ വചനം തീപോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്. യിരെ 23:29. തിരുവെഴുത്തുകൾ പാറയെ തകർക്കുന്ന ചുറ്റികയ്ക്കു സമാനമാണ്. കഠിനഹൃദയങ്ങളെ ഉടയ്ക്കുന്നതിന് ശക്തിയേറിയ അടി ആവശ്യമാണ്. ദൈവവചനം ഒരു ചുറ്റികയെപ്പോലെ ഏതു കഠിനഹൃദയത്തെയും തച്ചുടയ്ക്കും.

**8) വാൾ**

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. എബ്രാ 4:12. ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ് ദൈവവചനം. ഏതു ഹൃദയത്തെയും തുളച്ചുകയറാൻ ശക്തിയുള്ളതും മൂർച്ചയുള്ളതുമായ വാളാണത്. ദൈവവചനം എന്ന ആത്മാവിന്റെ വാൾ കൈക്കൊൾവാൻ ക്രിസ്തുഭടനെ ഓർപ്പിക്കുകയാണ് അപ്പൊസ്തലൻ. എഫെ 6:17.

**9) വിവേചിക്കുന്നത്**

ദൈവം തന്റെ വചനത്തിന്റെ പ്രവൃത്തിയെക്കുറിച്ചു പറയുന്നത് അതു 'വിവേചിക്കുന്നത്' എന്നാണ്. എബ്രാ 4:2. വിവേചിക്കുന്നത് എന്നതിനു സമാനമായ ക്രിട്ടികൊസ് എന്ന ഗ്രീക്കു പ്രയോഗം ബൈബിളിൽ ഇവിടെ മാത്രമേ ഉള്ളൂ. വിവേചിക്കുന്നവൻ, ന്യായം വിധിക്കുന്നവൻ എന്നീ അർത്ഥങ്ങളാണിതിനുള്ളത്. മനുഷ്യനെ വിവേചിക്കുവാൻ ദൈവം നൽകിയിരിക്കുന്നു തന്റെ വചനത്തെയാണ്. മനുഷ്യൻ ദൈവവചനത്തിന്റെ വിമർശകനായിത്തീരുന്നതു വിചിത്രം തന്നെ. ദൈവം തന്റെ വചനം നമുക്കു നൽകിയിരിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമായി മനസ്സിലാക്കിക്കൊണ്ട്, ദൈവവചനത്തെ വിമർശിക്കാനൊരുമ്പെടാതെ അതിന്റെ വിവേചനശക്തിക്കു മുന്നിൽ വിനയാവനമ്രനായി സ്വയം വിധേയപ്പെടുത്തുകയാണ് നമുക്കു കരണീയം.

**10) വിത്ത്**

കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. 1 പത്രോ 1:23. കെടാത്ത ബീജത്താലാണ് നാം വീണ്ടും ജനിച്ചത്. നമ്മെ വീണ്ടും ജനിപ്പിച്ചതായ വചനം എന്ന വിത്തു വിതെക്കാൻ നാം കടപ്പെട്ടവരാണ്. സമയമോ സാഹചര്യമോ നോക്കാതെ വിത്തുവിതെയ്ക്കേണ്ടവരാണ് നാം. അതത്രേ കർത്താവ് നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്.

ഒന്നാമതായി നാം എല്ലായിടത്തും വിതെക്കേണ്ടവരാണ്. വെള്ളത്തിന്നരികത്തെല്ലാം വിതെക്കയും കാളയെയും കഴുതയെയും അഴിച്ചുവിടുകയും ചെയ്യുന്നവരേ, നിങ്ങൾക്കു ഭാഗ്യം! യെശ 32:20. രണ്ടാമതായി, നാം ഏതു സമയത്തും വിത്തു വിതെക്കേണ്ടവരാണ്. രാവിലേ നിന്റെ വിത്തു വിതെക്ക; വൈകുന്നേരത്തു നിന്റെ കൈ ഇളെച്ചിരിക്കരുതു; ഇതോ, അതോ ഏതു സഫലമാകും എന്നും രണ്ടും ഒരുപോലെ നന്നായിരിക്കുമോ എന്നും നീ അറിയുന്നില്ലല്ലോ. സഭാ 11:6. മൂന്നാമതായി, വിതക്കേണ്ട ഭൂമി നാം മനസ്സൊരുക്കത്തോടെ തയ്യാറാക്കേണ്ടതാണ്.

കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നും കരഞ്ഞു വിതെച്ചുംകൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തുംകൊണ്ടും വരുന്നു. സങ്കീ 126:5–6.

**11) മഴയും മഞ്ഞും**

മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നൽകത്തക്കവണ്ണം ഭൂമിയെ നനെച്ചു ഫലവത്താക്കി വിളയിക്കുന്നതു പോലെ എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും. അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും. യെശ 55:10,11.

ദൈവവചനത്തിന്റെ വർഷം നല്ലവരുടെമേലും ദുഷ്ടന്മാരുടെമേലും ഒരുപോലെ പതിക്കുകയാണ്. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിനു തന്നേ. അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ. മത്താ 5:4,5. ദൈവഹിതം ഭൂമിയിൽ നിറവേറ്റുന്നതിനു വേണ്ടിയാണ് വചനം നൽകപ്പെട്ടിരിക്കുന്നത്. ജീവന്റെ വചനമായ ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന തിരുവെഴുത്തുകൾ ഒരു വിശ്വാസിയുടെ ജീവിതത്തിൽ എത്രത്തോളം പ്രാധാന്യമർഹിക്കുന്നുവെന്ന് ഈ പ്രതിബിംബങ്ങൾ വെളിപ്പെടുത്തുന്നു.

**3. ഉപസംഹാരം**

വീണ്ടും ജനനത്തിലൂടെ ദൈവകുടുംബത്തിലെ അംഗമായ വിശ്വാസി ആത്മീയ (ദൈവീക) കുടുംബത്തിന് അനുയോജ്യമായ ജീവിതശൈലിയിലൂടെ ഉടമയായിത്തീരേണ്ടതാണ്. അതിന് ദൈവം തന്നെ നല്കിയിരിക്കുന്ന ആത്മീയ–പാലും, കട്ടി ആഹാരവും, തേനും വേണ്ടുംപോലെ ഭക്ഷിക്കേണ്ടതാണ്. അപ്പോൾ ദൈവവചനം നമ്മുടെ ആടയാഭരണമായിത്തീരുകയും നാം ജ്വലിക്കുന്ന സാക്ഷികളുമായിത്തീരും. അപ്പോൾ നമ്മുടെ വാക്കുകൾ ചുറ്റുകയായും, വാൾ പോലെയും ആയിത്തീർന്ന് കേൾക്കുന്നവർ ജീവിതത്തിലെ ശരിയും തെറ്റും വിവേചിക്കാനും പ്രാകൃത മനുഷ്യൻ വീണ്ടും ജനിക്കാനും കാരണമായിത്തീരുന്നു. ചുരുക്കത്തിൽ ദൈവവചനം തങ്ങളുടെ രക്തത്തിന്റെ (ജീവന്റെ) ഭാഗമായ വിശ്വാസികൾ തങ്ങളുടെ കുടുംബത്തിനും, സഭയ്ക്കും, സമൂഹത്തിനും മഴയും മഞ്ഞും പോലെ അനുഗ്രഹമായിത്തീരുന്നു!

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി ഞങ്ങളുടെ ഇ–മെയിൽ വിലാസത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# ബൈബിൾ ദൈവവചനമോ?

**1. ആമുഖം**

ഓരോ മതങ്ങൾക്കും അവരുടെ വിശ്വാസവിളംബരത്തിന് ഓരോ ഗ്രന്ഥം അല്ലെങ്കിൽ പല ഗ്രന്ഥങ്ങൾ ഉണ്ട്. അവയിൽ ആ മതങ്ങളുടെ വിശ്വാസം, ആചാരം തുടങ്ങിയ കാര്യങ്ങൾ നേരിട്ടോ, സാരോപദേശമായോ, സംഭവങ്ങളിലൂടെയോ വിശദീകരിച്ചിരിക്കും. പക്ഷേ എല്ലാ മതഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാണ് ബൈബിൾ. കാരണം, ബൈബിൾ ഒരു മതഗ്രന്ഥമല്ല; മറിച്ച് ദൈവം മനുഷ്യരാശിക്കു നല്കിയ അരുളപ്പാടുകളുടെ സമാഹാരമാണ് ബൈബിൾ. ബൈബിൾ മാത്രമാണ് ദൈവവചനം. അതിന്റെ വിശദീകരണങ്ങളെ കണ്ടെത്താൻ വായനക്കാർ ഞങ്ങൾക്കൊപ്പം സദയം വന്നാലും.

**2. മറ്റ് മതഗ്രന്ഥങ്ങളെക്കാൻ ബൈബിളിന്റെ അധികാരം.**

ദൈവശ്വാസീയമായ തിരുവെഴുത്തുകൾ എന്ന നിലയിൽ ബൈബിളിന്റെ അധികാരത്തെ വ്യഞ്ജിപ്പിക്കുന്ന പ്രയോഗങ്ങളാണ് അപ്രമാദിത്വവും (infallibilty) അബദ്ധരാഹിത്യവും (inerrancy). ഇവ രണ്ടും വ്യത്യസ്തമായി കണക്കാക്കുന്നവരും ഒരേ ആശയത്തിന്റെ പര്യായങ്ങളായി പരിഗണിക്കുന്നവരും ഉണ്ട്. ബൈബിൾ പൂർണ്ണമായും തെറ്റില്ലാത്തതും തന്മൂലം വിശ്വാസ്യം എന്നും അംഗീകരിക്കുന്നതാണ് അബദ്ധരാഹിത്യം എന്ന ഉപദേശം. Inerracny എന്ന ഇംഗ്ലീഷ് പദത്തിന് അബദ്ധരാഹിത്യം അഥവാ തെറ്റില്ലാത്തത് എന്നർത്ഥം. തെറ്റില്ലായ്മ എന്ന പ്രയോഗമാണ് കൂടുതൽ സ്വീകാര്യം. തെറ്റില്ലായ്മ എന്ന പ്രയോഗം വിശ്വാസത്തിന്റെ പ്രമേയവും സിദ്ധദശയിൽ ഉള്ളതുമാണ്. ബൈബിളിന്റെ ദൈവശ്വാസീയതയുടെ അനുബന്ധമാണ് അബദ്ധരാഹിത്യം.

ക്രൈസ്തവവിശ്വാസത്തിലെ ഉപദേശങ്ങളിൽ വച്ചു പ്രഥമപരിഗണന അർഹിക്കുന്നതും എല്ലാ ഉപദേശങ്ങൾക്കും അധിഷ്ഠാനവും ബൈബിളിന്റെ അബദ്ധരാഹിത്യം എന്ന ഉപദേശമാണ്. ക്രൈസ്തവവിശ്വാസത്തെക്കുറിച്ചുള്ള അറിവിന്റെ ഉറവിടം ബൈബിളാണ്. നമുക്കു ആശ്രയിക്കാവുന്നതും സത്യവും ആയ ആകരഗ്രന്ഥമാണിത്.

വെളിപ്പാട് രണ്ടു വിധത്തിലുണ്ട്: സാമാന്യവെളിപ്പാടും സവിശേഷവെളിപ്പാടും. സാമാന്യവെളിപ്പാടിന് അതിന്റേതായ പരിമിതികൾ ഉണ്ട്. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള രക്ഷാകരമായ പരിജ്ഞാനത്തിൽ എത്തുവാൻ സാമാന്യവെളിപ്പാടിലൂടെ ആർക്കും സാദ്ധ്യമല്ല. രക്ഷയ്ക്കു ഹേതുകമായ പ്രത്യേക വെളിപ്പാട് ലഭിക്കുന്നത് ബൈബിളിലൂടെയാണ്. ഈ ബൈബിൾ തെറ്റുകൾ ഉള്ളതാണെന്ന് തെളിയിക്കപ്പെടുകയാണെങ്കിൽ അഥവാ അംഗീകരിക്കുകയാണെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയുടെ അടിസ്ഥാനവും ഉറപ്പും നഷ്ടപ്പെടും. ബൈബിൾ ഇല്ല എന്നു വരികിൽ ക്രിസ്തുമാർഗ്ഗം ഇല്ല, യെഹൂദമതം ഇല്ല; ഇസ്ലാംതമം, സൊരാഷ്ട്രീയൻ മതം എന്നിവ ബൈബിളിനോടു വളരെ അധികം കടപ്പെട്ടിരിക്കുന്നു.

**3. ബൈബിൾ ദൈവവചനം എന്നതിനുള്ള തെളിവുകൾ**

**ദൈവത്തിന്റെ സ്വഭാവം ബൈബിളിന്റെ ദൈവശ്വാസീതയ്ക്ക തെളിവാണ് :** മനുഷ്യൻ പാപിയും നിത്യമരണത്തിന് വിധിക്കപ്പെട്ടവനുമാണ്. ദൈവിക നിർണ്ണയങ്ങളെക്കുറിച്ചോ രക്ഷാമാർഗ്ഗത്തെക്കുറിച്ചോ അറിയുവാനോ, സ്വന്തം കഴിവിൽ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിവരാനോ കഴിവില്ലാത്ത ദാരുണാവസ്ഥയിലാണ് മനുഷ്യൻ. ഈ അവസ്ഥയെക്കുറിച്ച് ഭാഗികമായ അറിവേ അവനുള്ളൂ. ഈ അവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമെന്നോ എങ്ങനെ രക്ഷപ്പെടാമെന്നോ അവനറിയില്ല. അലിഖിതമായ ദൈവിക വെളിപ്പാടുകൾ ഈ പ്രശ്നത്തിന് തക്കതായ മറുപടി നൽകുന്നില്ല. സർവ്വശക്തനും സർജ്ഞനും പരിശുദ്ധനും സ്നേഹവാനും കരുണാമയനുമാണ് ദൈവം. സർവ്വജ്ഞനായ ദൈവത്തിന് മനുഷ്യന്റെ അവസ്ഥ എത്ര ദാരുണമാണെന്നും അവന്റെ ആവശ്യം എന്താണെന്നുമറിയാം. പരിശുദ്ധനാകയാൽ ദൈവത്തിന് മനുഷ്യന്റെ പാപം ക്ഷമിക്കുവാനോ വീണുപോയ അവസ്ഥയിൽ തന്നോടുള്ള കൂട്ടായ്മയിൽ അവനെ സ്വീകരിക്കുവാനോ കഴിയുകയില്ല. ദൈവം സ്നേഹപൂർണ്ണനും, കരുണാമയനുമാകയാൽ മനുഷ്യന്റെ രക്ഷയ്ക്ക് ഒരു മാർഗ്ഗം ഒരുക്കി. അതിനെക്കുറിച്ചുള്ള അറിവ് മനുഷ്യന് നല്കാൻ ആഗ്രഹിച്ച ദൈവം അവനെ രേഖപ്പെടുത്താനാവശ്യമായ പ്രഭാവം തന്റെ മക്കൾക്ക് നല്കി. അതിനാൽ ബൈബിൾ ദൈവശ്വാസീയമാണ്. ഒരു തർക്കവാക്യത്തിലൂടെ ഇതു വ്യക്തമാക്കാം.

ദൈവം സത്യവാൻ – റോമർ 3:4

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയം – 2 തിമൊ 3:16

അതുകൊണ്ട് – നിന്റെ വചനം സത്യം ആകുന്നു യോഹ 17:17

**ആന്തരികമായ തെളിവുകൾ അഥവാ ബൈബിളിന്റെ സാക്ഷ്യം :** മതഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തരമായ തെളിവുകൾ വളരെ പ്രധാനമാണ്. അപ്പൊക്രിഫാഗ്രന്ഥങ്ങൾ ഉപേക്ഷിക്കപ്പെടാനുള്ള ഒരു കാരണം ദൈവികോത്ഭവത്തെക്കുറിച്ചുള്ള സാക്ഷ്യത്തിന്റെ അഭാവമാണ്. എഴുത്തുകാരൻ തന്റെ കഴിവില്ലായ്മ ഏറ്റുപറയുകയും അതേസമയം താൻ തന്നെയാണ് അത് എഴുതിയതെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. കാനോനിക തിരുവെഴുത്തുകളിൽ ഇതുപോലെയുള്ള പ്രസ്താവനകൾ ഒന്നുംതന്നെ ഇല്ല. മാനുഷികഗ്രന്ഥകാരന്മാർ പരസ്പരം കുറ്റപ്പെടുത്താതെ പരകർത്തൃകങ്ങളെ ദൈവവചനമായി അംഗീകരിച്ചിരിക്കുന്നത് ദൈവനിശ്വാസ്യതയ്ക്ക് തെളിവാണ്. ഞാൻ അരുളിച്ചെയ്യുന്നു അഥവാ എന്റെ കല്പന എന്നല്ല, മറിച്ച് യഹോവ അരുളിച്ചെയ്യുന്നു, കർത്താവിന്റെ കല്പന എന്നിങ്ങനെയാണ് ദൈവികവെളിപ്പാടിന്റെ സ്വീകർത്താക്കൾ പ്രസ്താവിച്ചതും രേഖപ്പെടുത്തിയതും.

1. പഴയനിയമത്തിൽ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. നഹൂ 1:12, ഹഗ്ഗാ 1:2, ഓബ 1. യഹോവ അരുളിച്ചെയ്യുന്നു യെശ 1:2. യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായി യിരെ 1:11. യെഹസ്കേൽ പുരോഹിതന് യഹോവയുടെ അരുളപ്പാടുണ്ടായി 1:3. യോവേലിനുണ്ടായ യഹോവയുടെ അരുളപ്പാട് 1:1. ഹോശേയയ്ക്കുണ്ടായ യഹോവയുടെ അരുളപ്പാട് 1:1. യോനയ്ക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായത് 1:1. യഹോവ അരുളിച്ചെയ്തിരിക്കുന്ന ഈ വചനം ആമോ 3:1 തുടങ്ങിയ സവിശേഷപ്രയോഗങ്ങൾ പഴയനിയമത്തിൽ 3808 പ്രാവശ്യം ഉണ്ട്.

2. ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ 1 കൊരി 2:13. കർത്താവിന്റെ കല്പന 1 കൊരി 14:37. സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ട് 1 തെസ്സ 2:13 എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ പുതിയനിയമത്തിലുണ്ട്. ഇവ പുതിയനിയമത്തിന്റെ ദൈവികോത്ഭവത്തെ ചൂണ്ടിക്കാണിക്കുന്നു.

3. ന്യായപ്രമാണത്തിന്റെയും സാക്ഷ്യങ്ങളുടെയും പൂർണ്ണതയെയും അധികാരത്തെയും എഴുത്തുകാർ ഊന്നിപ്പറയുന്നു. ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവർ ശപിക്കപ്പെട്ടവൻ. ആവർ 27:26. യഹോവയുടെ ന്യായപ്രമാണം തികവുള്ളത്; അത് പ്രാണനെ തണുപ്പിക്കുന്നു. സങ്കീ 19:7. യഹോവയുടെ വചനം നേരുള്ളത്; അവന്റെ സകലപ്രവൃത്തിയും വിശ്വസ്തതയുള്ളത്. സങ്കീ 33:4. എന്നാൽ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ. ഗലാ 3:10. 2 രാജാ 17:13, സങ്കീ 119:89. യെശ 8:20.

4. ബൈബിളിലെ ഒരു പുസ്തകത്തിന്റെ ഉപദേശം പരമവും അന്തിമവും ആണെന്ന് ബൈബിളിലെ തന്നെ അപരഗ്രന്ഥം അംഗീകരിക്കുന്നു. എന്റെ ദാസനായ മോശെ നിന്നോട് കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു. യോശു 1:17. നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു: 1 പത്രൊ 1:10, യോശു 8:31, എസ്രാ 3:2, നെഹെ 8:1, ദാനി 9:2,11,13, സെഖ 7:12, മലാ 4:4, അപ്പൊ 1:6, 28:25.

5. പൗലൊസിന്റെ എഴുത്തുകളെ മറ്റു എഴുത്തുകൾക്ക് തുല്യമായി മറ്റൊരപ്പൊസ്തലനായ പത്രൊസ് പറയുന്നു. "അങ്ങനെ തന്നെ നമ്മുടെ പ്രിയ സഹോദരനായ പൗലോസും തനിക്ക് ലഭിച്ച ജ്ഞാനത്തിന് തക്കവണ്ണം നിങ്ങൾക്കും ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലോ. 2 പത്രൊ 3:15.

6. പഴയനിമയം ദൈവശ്വാസീയമെന്ന് പൗലൊസും പത്രൊസും രേഖപ്പെടുത്തുന്നു. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്ന് 2 തിമൊ 3:16. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. 2 പത്രോ 1:20.

**3) ബൈബിളിന്റെ ഐക്യം**

അറുപത്താറു വ്യത്യസ്ത പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതും, നാല്പതോളം എഴുത്തുകാരാൽ മൂന്നു ഭാഷകളിൽ (എബ്രായ, അരാമ്യ, ഗ്രീക്ക്) 1600 വർഷം കൊണ്ട് എഴുതപ്പെട്ടതും ആണെങ്കിൽത്തന്നെയും അത്ഭുതകരമായ ഐക്യമാണ് ബൈബിളിനുള്ളത്. സാക്ഷാൽ ഏകഗ്രന്ഥമാണിത്. അതിന്റെ ഉപദേശപരമായ വീക്ഷണം ഒന്ന്, നൈതികമാനദണ്ഡം ഒന്ന്, രക്ഷാമാർഗ്ഗം ഒന്ന്, യുഗപരിപാടി ഒന്ന്, പ്രപഞ്ചവീക്ഷണം ഒന്ന്, മാനുഷിക എഴുത്തുകാർ വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ (ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്) വളർന്നവരാണ്; കാലം കൊണ്ടും

സ്ഥലംകൊണ്ടും അവർ അകന്നവരാണ്. ഒരിക്കലും പരസ്പരം ആലോചിച്ച് ഇപ്രകാരമൊരു ഗ്രന്ഥം ചമയ്ക്കുവാൻ സാധിക്കാത്ത പരിതഃസ്ഥിതികളിലായിരുന്നു അവർ. അവർ കൈകാര്യം ചെയ്ത വിഷയങ്ങളും വിഭിന്നങ്ങളായിരുന്നു; ചിലർ ചരിത്രം, ചിലർ പ്രവചനം, ചിലർ ഉപദേശം. ചിലർ പദ്യത്തിലെഴുതി; മറ്റുള്ളവർ ഗദ്യത്തിൽ. എഴുത്തുകാരുടെ പെരുപ്പമോ, ഗ്രന്ഥങ്ങളുടെ വൈവിധ്യമോ, എഴുതപ്പെട്ട കാലയളവിന്റെ ദൈർഘ്യമോ കേന്ദ്രമോ പ്രതിപാദ്യത്തിന്റെ ഐക്യത്തിന്റെ അല്പംപോലും ബാധിച്ചിട്ടില്ല.

ഏകനായ ദൈവത്തിന്റെ വെളിപ്പാടാണ് തിരുവെഴുത്തുകൾ. അവയിൽ വെളിപ്പെടുന്നതാകട്ടെ ദൈവത്തിന്റെ ഏകത്വവും. ഒരേ രക്ഷകനും ഒരേ രക്ഷയും തിരുവെഴുത്തുകൾ അനസ്യൂതം വെളിപ്പെടുത്തുന്നു. തിരുവെഴുത്തുകളുടെ ഐക്യത്തെക്കുറിച്ച് സ്ക്കോഫീൽഡ് റഫറൻസ് ബൈബിളിന്റെ മുഖവുരയിൽ ഇപ്രകാരം പറയുന്നു ബൈബിൾ ഏക പുസ്തകമാണ്. ഏഴ് വലിയ അടയാളങ്ങൾ ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. 1. ഉത്പത്തി മുതൽ ബൈബിൾ ഏക ദൈവത്തിന് സാക്ഷ്യം വഹിക്കുന്നു. 2. ബൈബിൾ അനസ്യൂതമായ ചരിത്രം രൂപപ്പെടുത്തുന്നു – ദൈവവുമായുള്ള ബന്ധത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം. 3. ഭാവിയെ സംബന്ധിക്കുന്ന അസംഭവ്യമായ പ്രവചനം പ്രസ്താവിക്കുകയും നൂറ്റാണ്ടുകൾ നിയമിക്കപ്പെട്ട കാലത്തിനടുത്തെത്തുമ്പോൾ അവയുടെ നിറവേറൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. 4. ബൈബിൾ സത്യത്തിന്റെ പുരോഗമനാത്മകമായ അനാവരണമാണ്. ഒന്നും ഒരിക്കലും മുഴുവനായോ ഒരിക്കലെന്നേക്കുമായോ പ്രസ്താവിക്കുന്നില്ല. 5. ബൈബിൾ ആദിയോടന്തം ഒരേയൊരു രക്ഷയെ സാക്ഷ്യപ്പെടുത്തുന്നു. 6. തുടക്കം മുതൽ ഒടുക്കം വരെ ഒരേയൊരു വിഷയമേ ബൈബിളിലുള്ളൂ – ക്രിസ്തുവിന്റെ ആളത്തവും വേലയും. 7. എണ്ണത്തിൽ നാല്പതോളം എഴുത്തുകാർ ഇരുപത് നൂറ്റാണ്ടുകളിലായി രേഖപ്പെടുത്തി അനുക്രമവികസ്വരമായ ഉപദേശത്തിന്റെ സമ്പൂർണ്ണ ഐക്യം സാധിച്ചു.

**4) ഉപദേശത്തിന്റെ നിസ്തുല്യത :** ഉപദേശത്തിന്റെ നിസ്തുല്യത അതിന്റെ ഉറവിടത്തിന്റെ നിസ്തുല്യതയെ വെളിപ്പെടുത്തുന്നു. ദൈവത്തെക്കുറിച്ചും, മനുഷ്യനെക്കുറിച്ചും, ലോകം, പാപം, ന്യായവിധി, രക്ഷ എന്നിവയെക്കുറിച്ചും, യേശുക്രിസ്തുവിനെക്കുറിച്ചും ഉള്ള ഉപദേശങ്ങൾ ഒരിക്കലും മാനുഷബുദ്ധിയിൽ ഉരുത്തിയുന്നവയല്ല.

**1. ദൈവം :** അനാദ്യനന്തനും, ത്രിയേകനും, പരിശുദ്ധനും, സ്നേഹപൂർണ്ണനും ആയ ദൈവത്തെയാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. “ഉസ്സീയാരാജാവ് മരിച്ച ആണ്ടിൽ കർത്താവ്, ഉയർന്നും, പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു. സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന് ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ട് അവർ മുഖം മൂടി; രണ്ടുകൊണ്ട് കാൽ മൂടി; രണ്ടുകൊണ്ട് പറന്നു. ഒരുത്തനോട് ഒരുത്തൻ: സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്ന് ആർത്തുപറഞ്ഞു:” യെശ 6:1–3. “കർത്താവേ നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനം ഇട്ടു, ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും; നീയോ നിലനില്ക്കും; അവ എല്ലാം വസ്ത്രം പോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രം പോലെ അവ മാറിപ്പോകും; നീയോ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല” എന്നു പറയുന്നു. എബ്രാ 1:10–12.

ഇപ്രകാരം ഒരു ദൈവത്തെ ഭാവനയിലൂടെ കരുപ്പിടിപ്പിക്കുന്നതിന് മനുഷ്യന് ഒരുക്കലും സാദ്ധ്യമല്ല.

2. മനുഷ്യൻ: ലോകത്തിൽ മറ്റേതുഗ്രന്ഥവും അവതരിപ്പിക്കാത്തരീതിയിൽ പാപപൂർണ്ണനായാണ് മനുഷ്യനെ ബൈബിൾ വെളിപ്പെടുത്തുന്നത്. മനുഷ്യൻ തന്നെക്കുറിച്ച് ഇത്രയും അരോചകമായ ചിത്രം ഒരിക്കലും നൽകുകയില്ല. "നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല. എല്ലാവരും വഴിതെററി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല." റോമ 3:10–12. ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമമുള്ളത്. അത് ആരാഞ്ഞറിയുന്നവൻ ആര്? യിരെ 17:9. ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്ന് എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നെ, ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്ന് മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകലഅശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിനു തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു. എഫെ 4:17–19.

**3. ലോകവ്യവസ്ഥ :** ദോഷപൂർണ്ണവും ദൈവത്തിനെതിരും അത്രേ. "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. 1 യോഹ 2:15–17.

**4. പാപത്തിന്റെ ശിക്ഷ :** സകലദേഹികളും എനിക്കുള്ളവൻ, അപ്പന്റെ പ്രാണനും മകന്റെ പ്രാണനും ഒരുപോലെ എനിക്കുള്ളത്; പാപം ചെയ്യുന്ന ദേഹി മരിക്കും. യെഹ 18:4. പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ. റോമ 6:23. എഴുത്തുകാർ ദൈവനിയോഗം പ്രാപിക്കാത്തവരായിരുന്നെങ്കിൽ, ബൈബിൾ വെറും മാനുഷരചനയായിരുന്നെങ്കിൽ, ക്രിസ്തുവിനെ കൈക്കൊള്ളാതെ മരിക്കുന്നവരുടെ നിത്യനാശവും യാതനയും ഇപ്രകാരം പഠിപ്പിക്കുകയില്ലായിരുന്നു.

**5) ക്രിസ്തുവിന്റെ സാക്ഷ്യം :** ബൈബിളിന്റെ ദൈവശ്വാസീയതയെക്കുറിച്ചുള്ള പരമമായ തെളിവ് നമുക്കു ലഭിക്കുന്നത് ക്രിസ്തുവിന്റെ വാക്കുകളിൽ നിന്നുമാണ്. തിരുവെഴുത്തിന് നീക്കം വന്നുകൂടായല്ലോ യോഹ 10:35 എന്ന് ക്രിസ്തു പ്രഖ്യാപിച്ചു. "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്ന നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും ഒരു പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം. ലൂക്കൊ 16:17. ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതായി ക്രിസ്തു വിശദമാക്കി. അവൻ അവരോട് അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ

എന്നു പറഞ്ഞു. മോശ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. ലൂക്കൊ 24:25–27.

ഇരുപതോളം പഴയനിമയവ്യക്തികളെ ക്രിസ്തു പരാമർശിക്കുന്നുണ്ട്. പത്തൊൻപത് പുസ്തകങ്ങളിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. മനുഷ്യസൃഷ്ടി, വിവാഹവ്യവസ്ഥാപനം എന്നിവയുടെയും, നോഹ, അബ്രഹാം, ലോത്ത് എന്നിവരുടെയും, സൊദോ ഗോമറയുടെ നാശത്തിന്റെയും ചരിത്രം ഉത്പത്തിയിൽ നിന്നുദ്ധിരിക്കുന്നു. മുൾപ്പടർപ്പിൽ മോശെയ്ക്ക് ദൈവം പ്രത്യക്ഷപ്പെട്ടത്, മന്ന, പത്തുകല്പനകൾ എന്നിവ പുറപ്പാട് പുസ്തകത്തിൽ നിന്നും ക്രിസ്തു എടുത്തുപറയുന്നു. നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കണം എന്ന കല്പനയും കുഷ്ഠരോഗിയുടെ ശുദ്ധീകരണനിയമവും ക്രിസ്തു പരാമർശിച്ചത് ലേവ്യപുസ്തകത്തിൽ നിന്നായിരുന്നു. സംഖ്യാപുസ്തകത്തിൽ നിന്നും വ്രതങ്ങളെ സംബന്ധിക്കുന്ന നിയമവും പിച്ചള സർപ്പത്തെയും ക്രിസ്തു ഉദ്ധരിച്ചു. പരീക്ഷയിൽ യേശു പിശാചിനെ പരാജയപ്പെടുത്തിയത് ആവർത്തനപുസ്തകത്തിൽ 8:3, 6:3, 14, 16 നിന്നുള്ള ഉദ്ധരണികൾ കൊണ്ടായിരുന്നു. യെശയ്യാ പ്രവചനത്തിലെ 61:1,2 വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് നസറേത്തിലെ പള്ളിയിൽ വച്ച് യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ ഉദ്ഘാടനം ചെയ്തു. ലൂക്കൊ 4:16–21. യോനയുടെ അനുഭവം സത്യമാണെന്ന് ക്രിസ്തു സാക്ഷ്യപ്പെടുത്തി മത്താ 12:39. യെശയ്യാപ്രവചനത്തിന്റെ ഐക്യം ക്രിസ്തു അംഗീകരിച്ചു. മത്താ 8:17, ലൂക്കൊ 4:17. ജഡം ധരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിന്റെ വാക്കുകൾ തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയെ സംബന്ധിച്ചിടത്തോളം പരമമായ അംഗീകാരവും തെളിവും അത്രേ.

**6) നിറവേറിയ പ്രവചനങ്ങളുടെ സാക്ഷ്യം :** ഭാവിയെ വെളിപ്പെടുത്തുന്നതിന് ദൈവത്തിനു മാത്രമേ കഴിയൂ. ഭാവിയെ മുൻകൂട്ടിപ്പറയുന്നു എന്ന നിലയ്ക്ക് പ്രവചനം അറിവിന്റെ ലോകത്തലെ അത്ഭുതമാണ്. നിറവേറിയ പ്രവചനങ്ങൾ പ്രവചനകർത്താക്കൾക്ക് അമാനുഷമായ ബുദ്ധിവൈഭവം ഉണ്ടായിരുന്നുവെന്ന വെളിപ്പെടുത്തുന്നു. പഴയനിയമ പ്രവാചകന്മാരെക്കുറിച്ചു പറയുമ്പോൾ പത്രൊസ് ഇത് വെളിവാക്കുന്നു. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ. 2 പത്രൊ 1:21

യിസ്രായേൽ ജനത്തിന്റെ ചിതറിക്കലിനെക്കുറിച്ചുള്ള പ്രവചനം ആവർ 28:15–68, യിരെ 15:4, ഹോശ 3:4. പ്രത്യക്ഷരം നിറവേറി. ശമര്യ നശിപ്പിക്കപ്പെടുമെന്നും എന്നാൽ യഹൂദാ നിലനില്ക്കുമെന്നും 1 രാജാ 14:15, യെശ 7:6–8, ഹോശ 1:6 അശ്ശൂരിന്റെ കൈയിൽ നിന്നും രക്ഷപ്പെട്ടാലും യെഹൂദയും യെരുശലേമും ബാബിലോന് കീഴടങ്ങുമെന്നും യെശ 39:6, യിരെ 25:9–12 ഉള്ള പ്രവചനങ്ങളുടെ നിറവേറൽ നോക്കുക. വിജാതിയരാഷ്ട്രങ്ങളെ സംബന്ധിച്ചുള്ള പ്രവചനങ്ങളും അനുക്രമം നിറവേറുകയും, നിറവേറിക്കൊണ്ടിരിക്കുകയുമാണ്. ദാനിയേൽ 2 ഉം 7 ഉം അദ്ധ്യായങ്ങളിലെ നാലുലോകസാമ്രാജ്യങ്ങളെക്കുറിച്ചുള്ള പ്രവചനം ബാബിലോൻ, മേദ്യ, പാർസ്യ, ഗ്രീസ്, റോം എന്നീ രാജ്യങ്ങളുടെ ചരിത്രത്തിൽ നിറവേറിക്കഴിഞ്ഞു. നാലാം സാമ്രാജ്യത്തെക്കുറിച്ചുള്ള പ്രവചനത്തിലെ ചില കാര്യങ്ങൾ ക്രിസ്തുവിന്റെ രണ്ടാംവരവിൽ നിറവേറും. ബാബിലോൻ, സോർ, സീദോൻ, ഈജിപ്റ്റ്, അമ്മോൻ, മോവാബ്, ഏദോം, ഫെലിസ്ത്യ

തുടങ്ങിയ ദേശങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും നിറവേറിക്കഴിഞ്ഞു. മശീഹയെക്കുറിച്ച് 332 പ്രവചനങ്ങളാണ് ബൈബിളിലുള്ളത്. ക്രിസ്തുവിന്റെ വംശം, ഗോത്രം, ജന്മസ്ഥലം, കന്യകാജനനം, മിസ്രയീമിലേക്കുള്ള യാത്ര, ശിശുവധം, മുന്നോടി, ശുശ്രൂഷകൾ, അത്ഭുതങ്ങൾ, ദൈവാലയശുദ്ധീകരണം, കഷ്ടാനുഭവം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പുനരാഗമനം, വാഴ്ച എന്നിങ്ങനെ എല്ലാ കാര്യങ്ങളും പ്രവചിച്ചിരുന്നു. നിറവേറിയ പ്രവചനങ്ങൾ ബാക്കിയുള്ള പ്രവചനങ്ങളുടെ നിറവേറലിനെ ഉറപ്പാക്കുകയാണ്; പ്രവചന നിറവേറൽ ബൈബിളിന്റെ ദൈവശ്വാസീയതയെയും.

**7) പുരാവസ്തുശാസ്ത്രത്തിന്റെ സാക്ഷ്യം :** ദൈവവചനത്തിന്റെ സത്യതയ്ക്ക് പുരാവസ്തുശാസ്ത്രം നൽകുന്ന തെളിവുകൾ തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയെ തെളിക്കുന്നവയാണ്. അബ്രഹാമിന്റെ ചരിത്രം പുരാണപുരുഷന്മാരുടെ കഥപോലെയാണ് കരുതപ്പെട്ടുവന്നത്. എന്നാൽ അബ്രഹാമിന്റെ കാലത്തും അബ്രഹാം വസിച്ച നാട്ടിലുമുള്ള രേഖകൾ കണ്ടെത്തിക്കഴിഞ്ഞു; അബ്രഹാമിന്റെ ജന്മസ്ഥം കണ്ടുപിടിച്ചു. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന അബ്രഹാമിന്റെ ചരിത്രവും മിസ്രയീമിലെ പരദേശവാസവും എല്ലാം ചരിത്രപരമാണെന്ന് പുരാവസ്തുശാസ്ത്രം വെളിപ്പെടുത്തി. മിസ്രയീമിൽ അടിമകളായിരുന്ന കാലത്ത് എബ്രായർ റമേസസ് രണ്ടാമന് പിഥോ എന്ന സംഭാരനഗരം പണിതു പുറ 1:11. തെൽ–എൽ–കെബീറിനടുത്ത് പിഥോം എന്ന സംഭാരനഗരത്തെ ഉൽഖനനം ചെയ്തു. ഇവിടെയുള്ള മന്ദിരങ്ങൾ ഇഷ്ടികകൊണ്ട് നിർമ്മിക്കപ്പെട്ടവയായിരുന്നു. ഇഷ്ടികകളിൽ ചിലത് വൈക്കോൽ ഉള്ളവയും മറ്റുള്ളവ വൈക്കോൽ ഇല്ലാത്തവയുമായിരുന്നു. ഇത് മൂവായിരത്തഞ്ഞൂറുവർഷം മുമ്പ് മോശെ എഴുതിയത് പുറ 5:7 സത്യമെന്ന് തെളിയിച്ചു. ചരിത്രത്തിൽ മറ്റൊരിടത്തും രേഖപ്പെടുത്തിയിട്ടില്ലാത്ത രാജാക്കന്മാരുടെ പേരുപോലും ബൈബിളിൽ കൊടുത്തിരുന്നത് ശരിയാണെന്ന് പുരാവസ്തുശാസ്ത്രം തെളിയിക്കുന്നു. എന്നാൽ ഹോശയ മിസ്രയീം രാജാവായ സോവിന്റെ അടുക്കൽ ദൂതന്മാരെ അയയ്ക്കും. 2 രാജാ 17:4 എന്ന ഭാഗം ബൈബിൾ ഗ്രന്ഥകാരന് പറ്റിയ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ അടുത്തകാലത്ത് ബി.സി. 725 നടുത്ത് ഒരു മിസ്രയീമ്യ പ്രവിശ്യയുടെ തലസ്ഥാനമായ സൈഡ് നഗരത്തെക്കുറിച്ചും ആ പ്രവിശ്യയുടെ രാജാവ് തെഫ്നാഖ്തേ യെക്കുറിച്ചും അറിവ് ലഭിച്ചു. എന്നാൽ ഹോശേയ സോവിയിലേക്ക്, മിസ്രയീം രാജാവിന്റെ അടുക്കലേക്ക് ദൂതന്മാരെ അയക്കുകയും എന്നതാകാം ശരിയായ വിവർത്തനം. അശ്ശൂര്യരെ ചെറുക്കുവാൻ പ്രസ്തുത മിസ്രയീം രാജാവിനോട് യിസ്രായേൽരാജാവ് ഹോശയ അപേക്ഷിച്ചു. ബൈബിൾ എഴുത്തുകാരന്റെ സൂക്ഷ്മമായ ജ്ഞാനവും ബൈബിൾ പാഠത്തിന്റെ കൃത്യമായ സംപ്രേക്ഷണവും വെളിപ്പെടുത്തുന്ന വസ്തുതകളിൽ ഒന്നുമാത്രമാണിത്.

**8. പരിവർത്തനത്തിന്റെ സാക്ഷ്യം:** ആത്മീയവും നൈതികവും സന്മാർഗ്ഗികവുമായ മേഖലകളിൽ അത്യധികമായ സ്വാധീനമാണ് ബൈബിൾ ചെലുത്തിയിട്ടുള്ളത്. കല, സംഗീതം ശാസ്ത്രം എന്നിങ്ങനെ എല്ലാരംഗത്തും മനുഷ്യന്റെ വളർച്ചയ്ക്ക് അടിസ്ഥാനകാരണമായിരുന്നത് ബൈബിളത്രേ. അന്ധവിശ്വാസങ്ങളിൽ നിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കുകയും അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിന് സഹായിക്കുകയും, സതി, അടിമത്തനിരോധനം എന്നിങ്ങനെ സാമൂഹികനീതി നടപ്പിലാക്കുവാൻ ഉത്തേജനം നല്കുകയും ചെയ്തത്

തിരുവെഴുത്തുകളാണ്. കോടിക്കണക്കിനു മനുഷ്യരെ പുതുസൃഷ്ടിയാക്കി മാറ്റാൻ കാരണമായത് ദൈവചനമത്രേ. യഹൂദമതതീവ്രവാദിയായിരുന്ന ശൗലിനെ ക്രിസ്തുമാർഗ്ഗത്തിന്റെ പൗലൊസാക്കി മാറ്റിയ കർത്താവിന്റെ വാക്കുകൾ ഇന്നും അസംഖ്യം പേരെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

**9) ബൈബിളിന്റെ അവിനാശത്വം :** ആയിരം വർഷത്തെ അതിജീവിച്ചിട്ടുള്ള പുസ്തകങ്ങൾ അംഗുലിപരിമിതമാണ്. എന്നാൽ എല്ലാ നശീകരണശ്രമങ്ങളെയും അതിജീവിച്ച് ബൈബിൾ ഇന്നും നിലനില്ക്കുന്നത് അതിന്റെ ദൈവികമായ ഉൽപ്പത്തിയെ വെളിപ്പെടുത്തുന്നു. മറ്റേതൊരു ഗ്രന്ഥക്കാളും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും പുകഴ്ത്തപ്പെടുകുയം ചെയ്യുന്ന ബൈബിളാണ് ഏറ്റവും വലിയ പീഡനങ്ങൾക്കും, എതിർപ്പുകൾക്കും, നശീകരണശ്രമങ്ങൾക്കും വിധേയമായത്. ബൈബിളിനെ ഉന്മൂലനം ചെയ്യാൻ അനേകം സംഘടിശ്രമങ്ങൾ തന്നെ നടന്നിട്ടുണ്ട്. ഉന്മൂലനശ്രമം പരാജയപ്പെട്ടപ്പോൾ അതിന്റെ ദൈവിക അധികാരത്തെ ചോദ്യം ചെയ്യുകയായി അവരുടെ ലക്ഷ്യം.

ക്രിസ്തുമാർഗ്ഗത്തിന്റെ വിശ്വാസം തിരുവെഴുത്തുകളിലധിഷ്ഠതമാണെന്നു മനസ്സിലാക്കിയ റോമൻ ചക്രവർത്തിമാർ തിരുവെഴുത്തുകളെ നശിപ്പിക്കുവാൻ കച്ചകെട്ടി. എ.ഡി. 303–ൽ ഒരു രാജകീയ വിളംബരത്തിലൂടെ ബൈബിളിന്റെ പ്രതികളെല്ലാം അഗ്നിക്കിരയാക്കണമെന്ന് ഡയോക്ലീഷൻ കല്പിച്ചു. അദ്ദേഹം അനേകം ക്രിസ്ത്യാനികളെ കൊല്ലുകയും അനേകം ബൈബിളുകളെ നശിപ്പിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ ഒളിവിൽ നിശ്ശബ്ദമായി കഴിച്ചുകൂട്ടി. അതോടുകൂടി താൻ തിരുവെഴുത്ത് മുഴുവൻ നശിപ്പിച്ചു എന്നു ചക്രവർത്തി കണക്കാക്കി. തന്റെ വിളംബരത്തോട് അദ്ദേഹം എഴുതിച്ചേർത്തു. ക്രിസ്തുമതം നശിപ്പിച്ചു. ദേവന്മാരുടെ ആരാധന പുനഃസ്ഥാപിച്ചു. ഏറെക്കാലം ചെല്ലുമുമ്പേ കാൺസ്റ്റന്റയിൻ ചക്രവർത്തി സിംഹാസനാരോഹണം ചെയ്യുകയും ക്രിസ്തുമാർഗ്ഗത്തെ രാഷ്ട്രത്തിന്റെ മതമായി മാറ്റുകയും ചെയ്തു. ഈ വിളംബരത്തിന് 50 വർഷത്തിനുശേഷം സർക്കാർ ചെലവിൽ ബൈബിളിന്റെ അമ്പതുപ്രതികൾ തയ്യാറാക്കാൻ എവുസെബിയൂസ് നിയമിക്കപ്പെട്ടു.

മദ്ധ്യയുഗത്തിൽ വിശ്വാസപ്രമാണത്തെയും പാരമ്പര്യങ്ങളെയും ബൈബിളിന്റെ മേൽ പ്രതിഷ്ഠിച്ചു. വിശ്വാസപ്രമാണത്തിന്റെ പിൻബലത്തിനായി തിരുവെഴുത്തുകളെ പഠിച്ചു എങ്കിലും പാരമ്പര്യം പ്രബലപ്പെടുകയായിരുന്നു. ബൈബിൾ വ്യാഖ്യാനിക്കാനുള്ള അധികാരം സഭയുടേതായി മാറുകയും, സാധാരണക്കാർ ബൈബിൾ പഠിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. നവീകരണകാലത്ത് സാധാരണക്കാരുടെ ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്തു. ഈ വിവർത്തനശ്രമങ്ങളെ റോമൻകത്തോലിക്കാ സഭ എതിർക്കുകയും സ്തംഭിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ബൈബിൾ പ്രസിദ്ധീകരണത്തെ നിരോധിച്ചുകൊണ്ടുള്ള നിമയങ്ങൾ പാസ്സാക്കി. അനേകർ ഇതിന്റെ പേരിൽ രക്തസാക്ഷികളാക്കി. വിക്ളിഫിനോടൊപ്പം ബൈബിൾ പരിഭാഷ നടത്തിയ ഹെർഫോർഡിനെ കത്തോലിക്കാ സഭയിൽ നിന്ന് വെളിയിലാക്കുകയും കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു. ഈ കുഞ്ഞുങ്ങളെ വായിച്ചവരെയും സ്വന്തമാക്കിയവരെയും കാരാഗൃഹത്തിലടച്ചു. തങ്ങളുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷിലുള്ള പത്തുകല്പനകളും, കർത്താവിന്റെ പ്രാർത്ഥനയും പഠിപ്പിച്ചതിന് ആറു സ്ത്രീപുരുഷന്മാരെ 1519–ൽ

ജീവനോടെ ദഹിപ്പിച്ചു. ബൈബിൾ പരിഭാഷപ്പെടുത്തിയതിന് ടിൻഡെയിലിനെ ഞെരിച്ച് അഗ്നിക്കിരയാക്കി. അദ്ദേഹം ഇംഗ്ലണ്ടിലേക്ക് കടത്തിയ ബൈബിൾ പ്രതികളെ ലണ്ടനിലെ സെന്റ് പോൾസ് ക്രോസിന്നരികെവച്ച പിടിച്ചെടുത്തു ചുട്ടുകളഞ്ഞു.

ക്രിസ്തുമതവും ബൈബിളും നൂറുവർഷത്തിനകം തിരോഭവിക്കുമെന്ന് ഫ്രാൻസിലെ വോൾട്ടയർ പ്രഖ്യാപിച്ചു. എന്നാൽ അദ്ദേഹം മരിച്ച് 50 വർഷത്തിനുശേഷം (വോൾട്ടയർ 1778–ൽ മരിച്ചു) അദ്ദേഹത്തിന്റെ മന്ദിരം ജനീവ ബൈബിൾ സൊസൈറ്റിയുടെ ആസ്ഥാനമായി മാറി. രാജകീയ വിളംബരങ്ങൾക്കും സഭയുടെ നിയന്ത്രണങ്ങൾക്കും അവിശ്വാസികളുടെ ആക്രമണങ്ങൾക്കും ബൈബിളിനെ ഉന്മൂലനെ ചെയ്യാൻ കഴിഞ്ഞില്ല.

യെശയ്യാവാ 2700 വർഷം മുമ്പേ പ്രവചിച്ചു. പുല്ലുണങ്ങുന്നു, പൂവാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കു നിലനില്ക്കും: യെശ 40:8. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല മത്താ 24:35, മർ 13:31, ലൂക്കൊ 21:33 എന്ന് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് തിരുവെഴുത്തുകൾ ദൈവവചനമെന്ന സ്വന്തവാക്കുകളിൽ അരക്കിട്ടുറപ്പിട്ടു.

## ഉപസംഹാരം

ബൈബിൾ ദൈവവചനമെന്ന് വായനക്കാർ മനസ്സിലാക്കി. ബൈബിൾ ദൈവത്തിന്റെ വകയാണ്. ഈ ബൈബിളിനെ ആരെല്ലാം സ്വന്തമാക്കുന്നുവോ അവരെല്ലാം ബൈബിളിന്റെ, ദൈവത്തിന്റെ വകയാകുകയാണ്. ഈ ബൈബിൾ താല്പര്യത്തോടെ ധ്യാനിക്കുന്നവർ ഭാഗ്യവാന്മാരാണ് (സങ്കീ 1).

ബൈബിൾ വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്നവർ ദൈവകുടുംബത്തിലെ അംഗങ്ങളാകുനനു. ലോകത്തിലേക്ക് വച്ച് ഏറ്റവും അമൂല്യമായ ബൈബിൾ ഹൃദയതത്തിന്റെ, ജീവന്റെ ഭാഗമാകാനും, തദ്വാരാ നിത്യജീവൻ പ്രാപിച്ച് ഇഹത്തിലും പരത്തിലും സന്തുഷ്ടജീവിതം ആസ്വദിക്കാനും കർത്താവ് കൃപ നല്കട്ടെ!

❖❖❖❖❖❖❖❖❖❖

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്സ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

## PENTICOSTAL PASTORS MEET

**അറിയിപ്പ്:** 2016 നവംബർ മാസം മുഴുവൻ മലേഷ്യ, ആസ്ട്രേലിയ എന്നീ നാടുകളിൽ ശുശ്രൂഷയിലായിരിക്കും. തമിഴ്, മലയാളസഭകളിൽ ശുശ്രൂഷ ചെയ്തിട്ട് ഡിസംബർ മാസം 5–ാം തിയതി ഇന്ത്യയിലെത്തും.

## മലേഷ്യ പെന്തകോസ്ത് പാസ്റ്റർമാരുമായി സ്നേഹസംവാദം

ഇപ്രാവശ്യം മലേഷ്യയിലെ മെത്തഡിസ്റ്റ് സഭകളിൽ പ്രസംഗശുശ്രൂഷയോടൊപ്പം, രണ്ട് പ്രധാനസ്ഥലങ്ങളിൽ എല്ലാ സഭാവിഭാഗങ്ങളിലെയും ശുശ്രൂഷകരും വിശ്വാസികളും ഒരു മണ്ഡത്തിൽ ഒന്നിച്ചുകൂടി "അന്യഭാഷാ" എന്ന വിഷയത്തെക്കുറിച്ച് ഒരു സ്നേഹസംവാദം സംഘടിപ്പിച്ചിരിക്കുന്നു. സംവാദത്തിന്റെ ആദ്യഭാഗത്തിൽ "അന്യഭാഷ വചനാടിസ്ഥാനത്തിൽ" എന്ന തലക്കെട്ടിൽ ഞാൻ സംസാരിക്കുന്നു. രണ്ടാംഭാഗത്തിൽ – ഞാൻ സംസാരിച്ച വിഷയത്തിൽ വചനവിരുദ്ധമായ, വിട്ടുപോയ കാര്യങ്ങളുണ്ടെങ്കിൽ അവ വചനാടിസ്ഥാനത്തിൽ ഓരോരുത്തരായി മുന്നിൽ വന്ന് ചൂണ്ടിക്കാണിക്കുവാൻ അവസരം നല്കും. അവയെല്ലാം ക്രോഡീകരിച്ച് എന്റെ മറുപടി പ്രസംഗവും ഉണ്ടാവും. ഇങ്ങനെയാണ് യോഗക്രമീകരണം ചെയ്തിരിക്കുന്നത്. ഈ യോഗങ്ങളുടെ LIVE TELECASTING ഉം ഉണ്ടായിരിക്കും. സംവാദത്തിന്റെ ഭാഗമായി വലിയ സ്ക്രീനിൽ തമിഴ്നാട്, കേരളം, മലേഷ്യ, സിങ്കപ്പൂർ തുടങ്ങിയ സ്ഥലങ്ങളിലെ പാസ്റ്റർമാർ സംസാരിച്ച അന്യഭാഷകളുടെ ക്ലിപ്പിങ് കാണിച്ചശേഷം വന്നിരിക്കുന്ന പാസ്റ്റർമാരിൽ അന്യഭാഷാ–വ്യാഖ്യാനവരപ്രാപ്തരെ മുന്നോട്ടു വിളിച്ച് അവരുടെ വ്യാഖ്യാനങ്ങൾ എന്തെന്നറിയും!

ഈ സംഭവം ക്രിസ്തീയചരിത്രത്തിന്റെ ഭാഗമാകും തീർച്ച. സുബോധത്തിന്റെയും വിവേകത്തിന്റെയും ഉടമയായ പരിശുദ്ധാത്മാവ് ഈ യോഗങ്ങളിൽ ചലനം ഉണ്ടാക്കും. സത്യാത്മാവ് സകലസത്യത്തിലും വഴിനടത്തി, ഉൾക്കാഴ്ചകളെ നല്കി സഭകളിൽ വലിയൊരു മാറ്റം ഉണ്ടാക്കും. സാക്ഷികളുടെ വലിയൊരു സമൂഹം ഉണ്ടാകും! ദൈവനാം മഹത്വപ്പെടട്ടെ.

## കൂട്ടായ്മകൾ

ചില വായനക്കാർ കാവൽക്കാരൻ മാസികയ്ക്കായി കൂട്ടായ്മ അയച്ചു. മാസിക വന്നില്ല എന്ന് എഴുതുന്നു. MO ൽ കൂട്ടായ്മ അയക്കുമ്പോൾ എന്തിനുവേണ്ടി അയക്കുന്നു എന്നെഴുതാൻ കഴിയില്ല. ഞങ്ങൾക്കും അറിയാൻ നിവൃത്തിയില്ല. അതിനാൽ കൂട്ടായ്മ അയച്ച ഉടൻ നിങ്ങളുടെ മുഴുവൻ വിലാസവും ഫോൺ നമ്പരും വച്ച് കത്തെഴുതുക. പുതിയ വരിക്കാരനാണെങ്കിൽ പുതിയ വരിക്കാരൻ

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

# തൂത്തുക്കുടി – നാസറേത്ത് CSI ഡയോസിസ്

തൂത്തുക്കുടി St.Patick CSI Church Men's Fellowship ന്റെ 37–ാം വാർഷിക കൺവെൻഷൻ.





ഈ സഭാങ്കണത്തിൽ നടന്ന യോഗങ്ങൾ വളരെ അനുഗ്രഹകരമായി നടന്നു. സംഘടനാ സെക്രട്ടറി ശ്രീ.ജവഹർരാജ് അവർകളോടൊപ്പം മറ്റു ഭാരവാഹികളും ചേർന്ന് യോഗങ്ങൾ നന്നായി ക്രമീകരിച്ചു. സഭാവികാരി Rev.John Wesly, Rev.P.Job Rethna Singh, Rev.K.Kingsly എന്നീ ശുശ്രൂഷകർ യോഗങ്ങൾക്കു നേതൃത്വം വഹിച്ചു. ദൈവനാമം മഹത്വപ്പെട്ടു.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത് സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# CNI - GUJARAT DIOCESE

## SURAT CNI CHURCH






Surat - CNI Christ Church ന്റെ സഭാദിനാഘോഷവും കൺവെൻഷൻ യോഗങ്ങളും വളരെ ഭംഗിയായി നടന്നു. യോഗത്തിന്റെ അവസാനദിവസം ധാരാളം പേർ മാനസാന്തരപ്പെട്ടു. 17 വർഷം തമ്മിൽ തമ്മിൽ സംസാരിക്കാത്ത 2 ഗ്രൂപ്പുകൾ ഐക്യമത്യത്തിലായി. ഈ ഗ്രൂപ്പിസം Diocese ന് വലിയ തലവേദനയെന്ന് ബിഷപ്പ് അവർകൾ പറഞ്ഞിരുന്നു. ഗ്രൂപ്പുകൾ വൈരം മറന്ന് ഐക്യമ ത്യത്തിലായത് Diocese ന് വളരെ ആശ്വാസമായി. ദൈവനാമം മഹത്വപ്പെട്ടു.

# കൂട്ടായ്മകൾ

- ☐ നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.
- ☐ നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
- ☐ എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

# ക്രിസ്തീയജീവിതം - സാക്ഷ്യജീവിതം

ഒരു വ്യക്തി വിശ്വാസി (ശുശ്രൂഷകൻ, പാസ്റ്റർ, ബിഷപ്പ് ആരായാലും) എന്ന് പറയുകയും സാക്ഷ്യജീവിതം ഇല്ലാതിരിയ്ക്കുകയും ചെയ്താൽ ആ വ്യക്തി രക്ഷിക്കപ്പെട്ടവനല്ല. നമ്മുടെ കർത്താവ് കല്പിച്ചതുപോലെ രക്ഷിക്കപ്പെടുമ്പോൾ ശുദ്ധാത്മാവ് കടന്നുവരികയും സത്യത്തിൽ വഴിനടത്തുകയും (യോഹ 16 ആദ്യഭാഗം) സാക്ഷ്യജീവിതം (അപ്പൊ: പ്രവൃത്തി 1:8, യെശ 43:12) വീട്ടിലും, സഭയിലും, സമൂഹത്തിലും നല്കുകയും ചെയ്യും.

ദൈവാത്മനിറവിൽ, വചനാനുസൃതമായ ജീവിതം നയിച്ച് ക്രിസ്തു സാക്ഷികളാകാൻ, ദൈവനാമം മഹത്വപ്പെടാൻ, അനേകർ ഈ നല്ല കർത്താവിനെ കണ്ടെത്താൻ നിങ്ങളിലൂടെ ഇടവരട്ടെ! ക്രിസ്തു ഉള്ളിലുള്ളവരെയാണ് ആദ്യനൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ (അപ്പോ.പ്ര 11:26) എന്ന് വിളിച്ചത്. നിങ്ങളും ആ നല്ല ക്രിസ്ത്യാനികളാകാൻ ദൈവം സഹായിക്കട്ടെ!

OCTOBER 2016

Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.